**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2331** **16-03-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച സർക്കാരിന്റെ നയം വിശദമാക്കാമോ; | (എ) | നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |
| (ബി) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നടപ്പിലാക്കിയ ശേഷം ജീവനക്കാരുടെ സീനിയോറിറ്റി, സ്ഥാനക്കയറ്റം, യോഗ്യത എന്നിവയിലൊക്കെയുള്ള അവ്യക്തത നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (ബി) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നടപ്പിലാക്കിയ ശേഷം ജീവനക്കാരുടെ സീനിയോറിറ്റി, സ്ഥാനക്കയറ്റം, യോഗ്യത തുടങ്ങിയവ സംബന്ധിച്ച് ജീവനക്കാർക്കുണ്ടാകുന്ന ആശങ്കകൾ പരിഹരിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ ഒരു പരാതി പരിഹാര സെല്ലും തദ്ദേശസ്വയംഭരണ വകുപ്പിൽ SPAO-യുടെ അദ്ധ്യക്ഷതയിൽ അഞ്ച് വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു അപ്പലേറ്റ് അതോറിറ്റി സംവിധാനവും സ.ഉ.(കൈ) നം.106/2020/ ത.സ്വ.ഭ.വ തീയതി, 17.07.2020 പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | പൊതു സർവ്വീസ് രൂപീകരിക്കുന്നതിലൂടെ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനവും കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളുടെ സംയോജനവും ഏതുരീതിയിൽ സാധ്യമാകുമെന്ന് വിശദമാക്കാമോ; | (സി) | വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സഹായം ലഭിക്കുന്നത് ഓരോ തലത്തിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും നടപ്പിലാക്കേണ്ടതും അവലോകനം ചെയ്യേണ്ടതും അവയുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തേണ്ടതും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ (നഗര വികസനത്തിനും ഗ്രാമവികസനത്തിനും) ഫലപ്രദമായും കാര്യക്ഷമമായും അതോടൊപ്പം സംസ്ഥാനത്തിന് പ്രയോജനകരമാം വിധത്തിലും ആസൂത്രണം ചെയ്യുന്നതിനും, നടപ്പാക്കുന്നതിനും അവലോകനത്തിനുമാവശ്യമായ നേതൃത്വവും മേൽനോട്ടവുമാണ് വകുപ്പുതലത്തിൽ ചെയ്യേണ്ടത്. അതിനാവശ്യമായ ഏകോപിത സംവിധാനം |

| | | | |
|---|---|---|---|
| | | | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കാര്യക്ഷമമായി രൂപകൽപന ചെയ്ത് പ്രാവർത്തികമാക്കാൻ കഴിയും. മാത്രവുമല്ല വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസന പദ്ധതികളുമായും സംസ്ഥാനാവിഷ്കൃത പദ്ധതികളുമായും സംയോജിപ്പിച്ച് കൊണ്ട് സമഗ്ര വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഏറെ സഹായമാകുന്നതാണ്. |
| (ഡി) | ഫയൽ നീക്കം വേഗത്തിലാക്കാനും ചുവപ്പുനാട ഒഴിവാക്കാനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ? | (ഡി) | നിലവിൽ സേവനങ്ങൾ സർക്കാർ ഓഫീസുകളിൽ നിന്നും വിശിഷ്യാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതിയ്ക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷ മുഖം നൽകുന്നതിനും ഏകീകരണം വഴിയൊരുക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച അതിനൂതനമായ സോഫ്റ്റ്‌വെയറാണ് ILGMS (Integrated Local Government Management System). ഒറ്റ ലോഗിനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ സേവനങ്ങളും പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുമെന്നതാണ് ILGMS-ന്റെ സവിശേഷത. ഗ്രാമപഞ്ചായത്തുകളിൽ ടി സോഫ്റ്റ്‌വെയർ പൂർണ്ണമായും വിന്യസിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. നഗരസഭകളിൽ ILGMS-നു സമാനമായി ഫയലുകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ